بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# Khuthba Khulasa 20.01.17 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുല്‍ മുഅ്മിനീന്‍ ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസ് അയ്യദഹുല്ലാഹ്

*20.01.17 ന് ബൈത്തുല്‍ ഫുത്തൂഹ് ലണ്ടനില്‍ നിര്‍വഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**എല്ലാ ഓരോ ജമാഅത്തംഗത്തിനും നമസ്കാരത്തിന്റെ പ്രാധാന്യത്തിന്റെ സന്ദേശം ആവര്‍ത്തിച്ചാവര്‍ത്തിച്ച് എത്തിച്ചുകൊടുക്കുക. യഥാര്‍ഥത്തില്‍ നമ്മള്‍ അഹ്മദി ആണെന്നതിന്റെ കടമ നിറവേറ്റുന്നവരാകുന്നത് നമ്മള്‍ നമസ്കാരങ്ങളെ കാത്തുസൂക്ഷിച്ചുകൊണ്ട് അവയില്‍നിന്ന് ആത്മീയാനന്ദം ആസ്വദിക്കുമ്പോഴാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുല്‍മുഅ്മിനീന്‍ അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹില്‍ അസീസ് പറഞ്ഞു:

മുസ്‌ലീംകള്‍ക്ക് നമസ്കാരം ഫര്‍ള് അഥവാ നിര്‍ബന്ധമാണെന്ന് നമ്മളിലാരാണ് അറിയാത്തത്. വിശുദ്ധ ഖുര്‍ആനില്‍ ഒരുപാട് സ്ഥലങ്ങളില്‍ നമസ്കാരത്തിന്റെ പ്രാധാന്യം വിവിധ രീതിയില്‍ വിശദീകരിച്ചുകൊണ്ട് ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. നമസ്കാരം ആരാധനയുടെ മജ്ജയാണെന്ന് നബി(സ)തിരുമേനിയും പറഞ്ഞു. എന്നല്ല നമസ്കാരം ഉപേക്ഷിക്കുക എന്നത് അവിശ്വാസത്തിന്റേയും ബഹുദൈവാരാധനയുടേയും അടുത്ത് കൊണ്ടെത്തിക്കുന്നുവെന്നും നബി(സ)തിരുമേനി പറഞ്ഞു. അവിടന്ന് നമസ്കാരത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറയുന്നു:'ഖിയാമത്തുന്നാളില്‍ മനുഷ്യരില്‍നിന്ന് നമസ്കാരത്തെ സംബന്ധിച്ചുള്ള കണക്കാണ് ആദ്യം എടുക്കുന്നത്'.

കുട്ടികളെ നമസ്കാരത്തില്‍ കൃത്യനിഷ്ഠയുള്ളവരാക്കുന്നതിന് നബി(സ)തിരുമേനി പറഞ്ഞു, ഏഴു വയസ്സെത്തിക്കഴിഞ്ഞാല്‍ നമസ്കരിക്കാന്‍ കുട്ടികളെ ഉപദേശിക്കുക. പത്തു വയസ്സായാല്‍ അവരെ നമസ്കാരശീലമുള്ളവരാക്കാന്‍ ശിക്ഷിക്കേണ്ടിവന്നാല്‍ ശിക്ഷിക്കുക. മാതാപിതാക്കള്‍ത്തന്നെ നമസ്കരിക്കാത്തവരാണെങ്കില്‍ കുട്ടികളോടു എങ്ങനെ നമസ്കരിക്കാന്‍ പറയാനാണ്? കുട്ടികള്‍ തങ്ങളുടെ മീറ്റിംഗുകളിലും അല്ലെങ്കില്‍ വിവിധ മാര്‍ഗങ്ങള്‍ മുഖേനയും നബി(സ)തിരുമേനിയുടെ ഹദീഥു കേട്ടാല്‍ത്തന്നെയും വീട്ടില്‍ തന്റെ പിതാവിനെ നമസ്കരിക്കാത്തവനായി കണ്ടാല്‍ അവരില്‍ അതെന്തു സ്വാധീനം ചെലുത്താനാണ്? തീര്‍ച്ചയായും അത്തരം പിതാക്കന്മാരുടെ മക്കള്‍ ആ കല്‍പനയ്ക്കു ഒരു പ്രാധാന്യവുമില്ലെന്നായിരിക്കും മനസ്സിലാക്കുക. ഭൗതികമായ ആഗ്രഹങ്ങള്‍ പൂര്‍ത്തിയാക്കിക്കൊടുക്കുന്നതിനും ഭൗതികാഭിവൃദ്ധിക്കുംവേണ്ടി മാതാപിതാക്കള്‍ ചിന്ത പ്രകടിപ്പിക്കാറുണ്ട്. പക്ഷേ, യഥാര്‍ഥ ചിന്തയുടെ സ്ഥാനത്ത് അതിനെ ഗൗനിക്കാറുമില്ല. നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങള്‍ മനസ്സിലാക്കുമോ!ഏതെങ്കിലും ഒരാളുടെ വീടിന്റെ മുമ്പിലൂടെ ഒരു നദി ഒഴുകുകയും അയാള്‍ അതില്‍ നിത്യവും അഞ്ചുനേരം കുളിക്കുകയും ചെയ്താല്‍ അയാളുടെ ദേഹത്ത് എന്തെങ്കിലും അഴുക്കുണ്ടാകുമോ? സ്വഹാബാക്കള്‍ പറഞ്ഞു:അല്ലാഹുവിന്റെ റസൂലേ!തീര്‍ച്ചയായും അയാളുടെ ശരീരത്തില്‍ ഒരു അഴുക്കും ഉണ്ടാകുകയില്ല. അപ്പോള്‍ നബി(സ)തിരുമേനി പറഞ്ഞു:ഈ ഉദാഹരണമാണ് അഞ്ചുനേര നമസ്കാരത്തിന്റേതും. അല്ലാഹു അതുമുഖേന പാപങ്ങള്‍ പൊറുക്കുന്നു. ബലഹീനതകള്‍ അകറ്റുന്നു. അഞ്ചു നേരം നമസ്കരിക്കുന്നവരുടെ ആത്മാവില്‍ ഒരു അഴുക്കുമുണ്ടാകുകയില്ല.

നബി(സ)തിരുമേനി ഒരു മനോഹരമായ ഉദാഹരണം മുഖേന വിവരിച്ച നമസ്കാരത്തിന്റെ പ്രാധാന്യമാണിത്. നബി(സ)തിരുമേനി പറഞ്ഞു:'വീട്ടില്‍നിന്ന് വുളു ചെയ്യുകയും പിന്നീട് അല്ലാഹുവിന്റ വീട്ടിലേക്ക് അതായത് മസ്ജിദിലേക്ക് ഫര്‍ള് നമസ്കരിക്കാന്‍ പോകുകയും ചെയ്യുമ്പോള്‍ എത്ര ചുവടുകളാണോ അവന്‍ വെച്ചത് അവയില്‍നിന്ന് ഒരു ചുവടുകൊണ്ട് അവന്റെ ഒരു പാപം മാപ്പാക്കപ്പെടുന്നുവെങ്കില്‍ രണ്ടാമത്തെ ചുവടുകൊണ്ട് അവന്റെ ഒരു പദവി ഉയരുകയും ചെയ്യുന്നു. അതായത് എല്ലാ ചുവടും അവന് പ്രതിഫലം നല്കുന്നതായിരിക്കും.

മറ്റൊരു അവസരത്തില്‍ ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റെ പ്രാധാന്യം നബി(സ)തിരുമേനിഇങ്ങനെ വിവരിക്കുകയുണ്ടായി. അല്ലാഹു പാപങ്ങള്‍ മായ്ച്ചുകളയുകയും പദവികള്‍ ഉയര്‍ത്തുകയും ചെയ്യുന്ന കാര്യം ഞാന്‍ നിങ്ങള്‍ക്ക് പറഞ്ഞുതരട്ടെയോ? തങ്ങള്‍ക്ക് അവസരം കിട്ടുന്നതെപ്പോഴാണെന്ന് തക്കം പാര്‍ത്തിരിക്കുകയും അല്ലാഹുവിനെ തൃപ്തിപ്പെടുത്താന്‍ ശ്രമിക്കണമെന്നും അവനെ തൃപ്തിപ്പെടുത്താനുള്ള മാര്‍ഗങ്ങള്‍ പഠിക്കണമെന്നും അവന്റെ സാമീപ്യം പ്രാപിക്കണമെന്നും തങ്ങളുടെ പാപങ്ങളില്‍നിന്ന് അകല്‍ച്ച ഉണ്ടാക്കണമെന്നും എപ്പോഴും വിചാരിച്ചിരുന്ന സ്വഹാബ രിള്‌വാനുല്ലാഹി അലയ്ഹിം പറഞ്ഞു: യാ! റസൂലല്ലാഹ്!തീര്‍ച്ചയായും പറഞ്ഞുതന്നാലും. നബി(സ)തിരുമേനി പറഞ്ഞു: മനസ്സ് ഇഷ്ടപ്പെടാത്തപ്പോഴും നല്ലവണ്ണം വുളു ചെയ്യുകയും മസ്ജിദില്‍ ദൂരത്തുനിന്ന് നടന്നുവരികയും ഒരു നമസ്കാത്തിനുശേഷം അടുത്ത നമസ്കാരം കാത്തിരിക്കുകയും ചെയ്യുന്നത് പാപങ്ങളില്‍നിന്ന് അകല്‍ച്ച ഉണ്ടാക്കുന്നതാണ്.' അവിടന്ന് പറഞ്ഞു: 'ഇത്രമാത്രമല്ല. ഇത് ഒരു തരത്തിലുള്ള 'രിബാത്ത്' ആകുന്നു. അതായത് അതിര്‍ത്തി പ്രദേശങ്ങളില്‍ കാവല്‍കൂടാരം കെട്ടുന്നതിന് തുല്യമാണ്. രാജ്യരക്ഷയ്ക്കായി അതിര്‍ത്തി പ്രദേശങ്ങളില്‍ പട്ടാളം താവളമടിക്കുന്നതുപോലെ. ഇപ്രകാരംതന്നെ ജമാഅത്തായുള്ള നമസ്കാരത്തിന് തനിച്ച് നമസ്കരിക്കുന്നതിനെക്കാള്‍ 27 ഇരട്ടി പ്രതിഫലം കൂടുതലാണ്. അതിനെകുറിച്ചും നബി

(സ)തിരുമേനി പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തായുള്ള നമസ്കാരത്തിന്റെ പ്രാധാന്യം വിവരിച്ചു കൊണ്ട് ഒരിടത്ത് പറയുന്നു:

'ജമാഅത്തായിട്ടുള്ള നമസ്കാരത്തിന് കൂടുതൽ പ്രതിഫലം വെച്ചിട്ടുള്ളതുകൊണ്ടുള്ള ഉദ്ദേശ്യം ഐക്യമുണ്ടാകുക എന്ന താണ്. പിന്നീട് ഐക്യത്തെ കർമപരമായനിലയിൽ കൊണ്ടു വരുന്നതിന് എത്രത്തോളം നിർദേശവും താക്കീതുമുണ്ടെ ന്നാൽ പരസ്പരം കാലുകളും സമമായിരിക്കണം. സ്വഫ് നേരെയായിരിക്കണം. പരസ്പരം ചേർന്ന് നില്ക്കണം. ഇതു കൊണ്ടുള്ള ഉദ്ദേശ്യം ഒരൊറ്റമനുഷ്യനെപ്പോലെ ആയത്തീ രുക എന്നാണ്. മറ്റുള്ളവരുടെ പ്രകാശങ്ങളെ ആകർഷിച്ചെടു ക്കാനുള്ള ശക്തി മനുഷ്യനിലുണ്ടെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക.

അമീറുൽമുഅ്മിനീൻ പറഞ്ഞു:'നമ്മുടെ ആത്മീയമായ അവ സ്ഥയുടെ ഉന്നമനത്തിനും ഏകത്വത്തിന്റെ സംസ്ഥാപനത്തി നുംവേണ്ടി നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസ നേയും മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും വിശ്വസിക്കുന്നുവെന്ന് ഒരു ഭാഗത്ത് വാദിക്കുകയും മറുഭാ ഗത്ത് നമ്മുടെ കർമങ്ങളിൽ പ്രത്യേകിച്ചും അടിസ്ഥാനപര മായ ഇസ്ലാമിക കല്പനകളും ഫർളായ കാര്യങ്ങളും പാലി ക്കുന്നതിൽ ബലഹീനരാകുകയും, നമ്മുടെ ജീവിതോദ്ദേശ്യ ത്തിൽ ബലഹീനരാകുകയും കുറഞ്ഞ നിലവാരം അല്ലാഹു നിശ്ചയിച്ചിട്ടുള്ള ഉദ്ദേശ്യം കരസ്ഥമാക്കുന്നതിൽ ബലഹീന രാകുകയും ചെയ്താൽ നമുക്കെങ്ങനെയാണ് നമ്മുടെ ആത്മീ യാവസ്ഥയുടെ അഭിവൃദ്ധിക്കും അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് നടക്കുന്നതിനും നബി(സ)തിരുമേനിയുടെ കല് പനയ്ക്ക് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗ ഊദ്(അ)നെ വിശ്വസിച്ചിരിക്കുന്നുവെന്ന് വാദിക്കാൻ കഴി യുക. ബുദ്ധിയുള്ള പ്രായപൂർത്തി എത്തിയ എല്ലാ പുരുഷ ന്മാർക്കും നമസ്കാരം നിർബന്ധമാണ്. പക്ഷേ, ഇക്കാര്യ ത്തിൽ തീരെ ശ്രദ്ധ ഇല്ലാത്തതും ബലഹീനത കാണിക്കു ന്നതുമാണ് നാം കാണുന്നത്. ഒരു യഥാർഥ മുഅ്മിന് നമ സ്കാരം നിർബന്ധമാണ്. ഇക്കാര്യം അവൻ സ്വയം ശ്രദ്ധി ക്കേണ്ടതാണ്. പക്ഷേ, ജമാത്തിൽ ഒരു വ്യവസ്ഥിതിയും സ്ഥാപിതമായിട്ടുണ്ട്. ഈ വ്യവസ്ഥിതിയും ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. ഇതിന്റെ യാഥാർഥ്യം വ്യക്തമാക്കിക്കൊണ്ടിരിക്കേണ്ടതാണ്. ഞാൻ ഭൂരിഭാഗം ഖുത്ബയിലും ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, അതിനെ പിന്നീട് മുന്നോട്ടു പ്രചരിപ്പിക്കേണ്ടത് മുറ ബ്ബിമാരുടേയും ജമാഅത്ത് വ്യവസ്ഥിതിയുടേയും ജോലിയാ ണ്. ജമാഅത്തിലെ ഓരോ അംഗങ്ങൾവരെ നമസ്കാര ത്തിന്റെ പ്രാധാന്യം ആവർത്തിച്ചാവർത്തിച്ച് എത്തിക്കേണ്ട താണ്. നമ്മൾ നമ്മുടെ നമസ്കാരം കാത്തുസൂക്ഷിച്ചുകൊണ്ട് അവയിൽനിന്ന് ആത്മീയ രുചി നുകരുമ്പോഴായിരിക്കും യഥാർഥത്തിൽ നമ്മൾ അഹ്മദികളാണെന്ന കടമ നിറവേറ്റ പ്പെടുന്നത്. ഈ ആത്മീയമായ ആനന്ദവും രുചിയും കിട്ടാൻ തുടങ്ങുമ്പോൾ പിന്നീട് നമസ്കാരം നിർവഹിക്കുന്നതിലേക്ക് സ്വയമേവ ശ്രദ്ധ ഉണ്ടാകുന്നതായിരിക്കും.

നമസ്കാരം തിന്മകളിൽനിന്ന് തടയുന്നുവെന്ന് അല്ലാഹു പറയുമ്പോൾ തീർച്ചയായും അത് സത്യമാണ്. അല്ലാഹുവി ന്റെ വചനം ഒരിക്കലും വ്യാജമാകുകയില്ല. നമസ്കാരങ്ങൾ അനുഷ്ഠിച്ചിട്ടും ആരിലാണോ തിന്മകൾ നിലനില്ക്കുന്നത് അവരുടെ നമസ്കാരങ്ങൾ വെറും ബാഹ്യമായ നമസ്കാര ങ്ങളാണ്. അവർ അതിന്റെ ആത്മാവിനെ മനസ്സിലാക്കുന്നി ല്ല. ഇതു വളരെ സങ്കീർണമായ കാര്യമാണ്. ഇതിൽ നമ്മൾ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്.

ചില ജമാഅത്തുകളിൽ നമസ്കാരത്തിന് നല്ല ഹാജർ നി ലയുണ്ടാകാറുണ്ട്. പക്ഷേ, എങ്കിലും ആരുടെ എങ്കിലും ഏതെ ങ്കിലുമൊക്കെ നമസ്കാരം പാഴായിപോകുന്നുണ്ടാകും. ഒന്നോ അരയോ പോലും നമസ്കരിക്കാത്ത പലരുമുണ്ട്. അതിനു ഒരു കാരണം ഞാൻ പറഞ്ഞതുപോലെ ജമാഅത്ത് വ്യവസ്ഥിതി അതിനെക്കുറിച്ച് പറയാത്തതാണ്. വ്യവസ്ഥി തിക്കും മറ്റു പരിഗണനകളുണ്ട്. ഒന്നാമതായി എന്റെ ഖുത്ബ കൾ എല്ലാവരും കേൾക്കുന്നുതന്നെയില്ല. നൂറുശതമാനം ആളുകളും കേൾക്കുന്നുവെന്നു പറയുന്നതും തെറ്റാണ്. കേൾ ക്കുകയാണെങ്കിൽത്തന്നെ സ്ഥിരമായി ഓർമപ്പെടുത്തേണ്ടത് ജമാഅത്തിന്റെ ജോലിയാണ്. തർബിയ്യത്തിലേക്ക് ശ്രദ്ധ ഉ ണ്ടാകുന്നതിനാണ് ജമാഅത്ത് വ്യസ്ഥിതി സ്ഥാപിക്കപ്പെട്ടി രിക്കുന്നത്. കഴിഞ്ഞ ദിവസം ഇവിടെത്തെ ഒരു ജമാഅത്തി ന്റെ മജ്ലിസെ ആമിലായുമായി കൂടിക്കാഴ്ച നടന്നിരുന്നു. അപ്പോൾ സ്വദ്ർ സാഹിബ് പറഞ്ഞു:ഞാൻ സ്വദ്റായ കാലം മുതൽ സാമ്പത്തിക വ്യവസ്ഥിതിയിലേക്ക് ഒരുപാട് ശ്രദ്ധി ച്ചിരുന്നു. ഇപ്പോൾ നമ്മൾ അതിൽ വളരെ വേഗം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഞാൻ അവരോടു പറഞ്ഞു: നിങ്ങ ളുടെ ഈ ശ്രമം ശരിതന്നെയാണ്. പക്ഷേ, ഒരു മുഅ്മിന് അടിസ്ഥാനപരമായ നിർബന്ധ കാര്യം നമസ്കാരമാണ്. ഇതി നുവേണ്ടി നിങ്ങൾ എന്തുശ്രമമാണ് നടത്തിയത്. ഇതിന് മൗന മായിരുന്നു മറുപടി. സുബ്ഹിയുടേയും ഇശായുടേയും ഹാജ ർനിലയെ സംബന്ധിച്ച് ഞാൻ ചോദിക്കുകയും വിലയിരു ത്തുകയും ചെയ്തു. അതിൽ മുന്നിൽവന്ന കണക്ക് വളരെ മെച്ചപ്പെട്ടതായിരുന്നു. പക്ഷേ, അതിൽ ജമാഅത്തിന്റെ ഒരു ശ്രമവും ഉണ്ടായിരുന്നില്ല. നിർവൃതി ഉണ്ടാകുന്നതും ആന ന്ദമുണ്ടാകുന്നതുമായ നമസ്കാരക്കാർ ഉണ്ടാകുകയാണെ ങ്കിൽ സാമ്പത്തിക വ്യവസ്ഥിതി സ്വയമേവ ശരിയാകുന്ന തായിരിക്കും. കാരണം തഖ്വയുടെ നിലവാരം ഉയരുമ്പോ ഴാണ് സാമ്പത്തിക ത്യാഗത്തിലേക്കും ശ്രദ്ധ ഉണ്ടാകുന്നത്. ഇതു മാത്രമല്ല മറിച്ച് എല്ലാവരും നമസ്കാരം ശരിയായ നിലയിൽ അനുഷ്ഠിക്കാൻ തുടങ്ങിയാൽ ഉമൂറെ ആമയു ടേയും ഖളായുടേയും പ്രശ്നങ്ങളും ഒരു പരിധിവരെ പരി ഹരിക്കപ്പെടുന്നതായിരിക്കും. എന്നല്ല ബാക്കിയുള്ള വകു പ്പുകളും ആക്ടീവാകുന്നതായിരിക്കും. ലോകത്തിന്റെ പൊതു വെയുള്ള അവസ്ഥ എന്താണെന്നു വച്ചാൽ യുദ്ധത്തിന്റേയും നാശത്തിന്റേയും അപകടം വളരെ വേഗം വർധിച്ചുകൊണ്ടി രിക്കുകയാണ്. യുദ്ധം തുടങ്ങിയാൽ എന്താണ് ഉണ്ടാകുക എന്നും എന്താണ് ചെയ്യേണ്ടതെന്നും ഒരുപാടാളുകൾ ചോ ദിക്കുന്നുണ്ട്. അവർക്കുള്ള മറുപടി ആ അപകടങ്ങളിൽനിന്ന് രക്ഷപ്പെടണമെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ തുപോലെ അത്ഭുതങ്ങളുടെ കേദാരമായ അല്ലാഹുവിനെ സ്നേഹിക്കേണ്ടിവരും. ആ സ്നേഹത്തിനുള്ള ഒരേയൊരു

വഴിയെയുള്ളു, നിങ്ങളുടെ നമസ്കാരങ്ങളേയും നിങ്ങളുടെ ആരാധനകളേയും അവന്റെ കല്പനയനുസരിച്ച് വാർത്തെടുത്ത് നിർവൃതിയും ആനന്ദവും ഉണ്ടാക്കാൻ നമ്മൾ ശ്രമിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:നല്ലവണ്ണം ഓർത്തുകൊള്ളുക! വീണ്ടും ഓർത്തുകൊള്ളുക! അന്യദൈവങ്ങളുടെ മുമ്പിൽ കുമ്പിടൽ അല്ലാഹുവുമായുള്ള ബന്ധം മുറിക്കലാണ്. തൗഹീദിന്റെ വായകൊണ്ടുള്ള വാദം നടത്തി എന്നത് ശരിതന്നെ. എന്നാൽ, തൗഹീദിന്റെ കർമപരമായ പ്രകടനത്തിന്റെ പേരാണ് നമസ്കാരം. പറഞ്ഞു: നമസ്കാരവും തൗഹീദും എന്തുതന്നെയായാലും -കാരണം തൗഹീദിന്റെ കർമപരമായ പ്രകടനത്തിന്റെ പേരാണ് നമസ്കാരം- അതിൽ വണക്കത്തിന്റേയും വിനയത്തിന്റേയും ആത്മാവും ഋജുവായ മനസ്സും ഇല്ലെങ്കിൽ അനുഗ്രഹരഹിതവും നിഷ്ഫലവും ആയിത്തീരുന്നു. പറഞ്ഞു: കേൾക്കുക! **ഉദ്ഊനി യസ്തജിബ് ലക്കും** എന്നെ വിളിക്കുക, ഞാൻ നിങ്ങൾക്ക് ഉത്തരം നല്കും എന്ന ദുആയ്ക്കുവേണ്ടിയാണ് ഈ സത്യസന്ധമായ ആത്മാവ് ആവശ്യമായിട്ടുള്ളത്. ഈ വിനയം കാണിക്കലിലും ഭയഭക്തിയിലും യഥാർഥമായ ആത്മാവില്ലെങ്കിൽ അത് വെറും തത്തമ്മയുടെശബ്ദമല്ലാതെ ഒന്നുമല്ല.

അമീറുൽമുഅ്മിനീൻ പറഞ്ഞു:മുമ്പേയും പറഞ്ഞതുപോലെ ദുആയിൽ വിനയവും കെഞ്ചലും ഉണ്ടെങ്കിൽ അല്ലാഹു അത് സ്വീകരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'മനുഷ്യന്റെ ആത്മാവ് പൂർണമായും കാലിയാകുമ്പോൾ അത് അല്ലാഹുവിലേക്ക് ഒരു അരുവി എന്നപോലെ ഒഴുകുന്നു. അല്ലാഹുവല്ലാതെ മറ്റെല്ലാത്തിനോടും പൂർണമായും ബന്ധം വിച്ഛേദിക്കപ്പെടുന്നു. ആ നേരത്ത് അല്ലാഹുവിന്റെ സ്നേഹം അവനിൽ പതിയുന്നു.

അമീറുൽമുഅ്മിനീൻ പറഞ്ഞു:അല്ലാഹുവിന്റെ സ്നേഹം മനുഷ്യനുമേൽ വീഴുമ്പോൾ പാപം കത്തിക്കരിഞ്ഞ് അവസാനിച്ചുപോകുന്നു. പിന്നീട് സ്ഥിരമായി നമസ്കാരങ്ങളിൽ നിർവൃതിയുടെ അവസ്ഥ ഉണ്ടാകുന്നു. നമ്മുടെ നമസ്കാരങ്ങൾ നമുക്ക് നിർവൃതി നല്കുന്നില്ലെന്ന് പരാതിപ്പെടുന്നതിനും അല്ലെങ്കിൽ അത്തരം വിചാരം മനസ്സിൽ കൊണ്ടുവരുന്നതിനും പകരം നമുക്ക് അല്ലാഹുവുമായി പ്രത്യേക ബന്ധം ഉണ്ടാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. നമ്മൾ വെറും തലകുത്തിമറിയുകയാണോ അതോ നമസ്കാരത്തിനോടുള്ള കടമ നിറവേറ്റുകയാണോ എന്ന നമ്മുടെ അവസ്ഥകൾ നോക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:ഒന്നാമതായി നമസ്കാരം ഒരു വേരുറച്ച ശീലം പോലെനിലകൊള്ളാനും അല്ലാഹുവിലേക്ക് മടങ്ങുന്നുവെന്ന ചിന്ത ഉണ്ടാകുന്നതിനും നിർബന്ധമായും അനുഷ്ഠിക്കലും പാലിക്കലും വളരെ ആവശ്യമായ കാര്യമാണ്. പിന്നീട് പതുക്കെപ്പതുക്കെ സർവവും വിച്ഛേദിക്കപ്പെട്ട അവസ്ഥയിൽ മനുഷ്യൻ ഒരു പ്രകാശത്തിന്റേയും ഒരു നിർവൃതിയുടേയും അനന്തരാവകാശിയാകുന്ന നേരം സ്വയം ഉണ്ടായി വരുന്നതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു:അതുകൊണ്ട് ആദ്യം നമസ്കാര ശീലം നിർബന്ധമാണ്. നമസ്കാരത്തിന്റെ ഫലം കണ്ടാലുംവേണ്ടില്ല. കണ്ടില്ലെങ്കിലും വേണ്ടില്ല, സ്വയം തന്നെ നമസ്കാരങ്ങളുടെ ബന്ധനസ്ഥനാക്കേണ്ടത് അനിവാര്യമാണ്. എന്തായാലും നമസ്കാരങ്ങൾ അനുഷ്ഠിക്കേണ്ടതാണ്. കാരണം അത് നിർബന്ധമാണ്. താൻ ഏതവസ്ഥയിലും അല്ലാഹുവിലേക്കുതന്നെ മടങ്ങേണ്ടവനാണെന്നും ഏതാവശ്യത്തിനും അവന്റെ അടുത്തുതന്നെ പോകേണ്ടതാണെന്നും അവനോടുതന്നെ ചോദിക്കേണ്ടതാണെന്നും മനസ്സിലാക്കിയുള്ള ശീലം അത്യാവശ്യമാണ്. ഈ സ്ഥിരമായ സ്വഭാവം നിലനില്ക്കുകയാണെങ്കിൽ നമസ്കാരങ്ങളോടുള്ള കടമ നിറവേറ്റപ്പെടുന്ന ഒരു നേരവും വരുന്നതാണ്. നമസ്കാരങ്ങളോടുള്ള കടമയും നിറവേറാനും നമസ്കാരങ്ങളിൽ നിർവൃതി ഉണ്ടാകാനും തുടങ്ങുന്നതായിരിക്കും.

അല്ലാഹു നമുക്ക് നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കാനും അതു കൃത്യമായി അനുഷ്ഠിക്കാനും നമ്മുടെ നമസ്കാരങ്ങളെ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രം നിറവേറ്റാനും തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ നമസ്കാരങ്ങളിൽ രുചിയും ആനന്ദവും ഉണ്ടാക്കുമാറാകട്ടെ. ഒരിക്കലും നമ്മളതിൽ അലസത കാണിക്കുന്നവരാവാതിരിക്കട്ടെ. ഇന്ന് ലോകത്തിലെ വിപത്തുകളിൽനിന്നും നാശങ്ങളിൽനിന്നും നമുക്ക് രക്ഷപ്പെടാൻ കഴിയുന്നത് അല്ലാഹുവിന്റെ ദാസത്വത്തിന്റെ കടമ നിറവേറ്റുന്നവരാകുമ്പോഴാണെന്ന യാഥാർഥ്യം മനസ്സിലാക്കുന്നവരാകട്ടെ. അല്ലാഹു നമുക്കിതിന് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 20.01.17
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala